**ശ്രദ്ധക്ഷണിക്കൽ**

റെയിൽവേ സോൺ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, കേരളത്തിലെ റെയിൽവേ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് റെയിൽവേ വകുപ്പ് സ്വീകരിച്ചുവരുന്ന ജനവിരുദ്ധമായ നടപടിയിൽ പ്രതിഷേധിക്കുകയാണ്. .........(ബഹളം)........ കേരളത്തിലെ റെയിൽവേയുമായി ബന്ധപ്പെട്ടുകൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി അവഗണനയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം രണ്ട് ഡിവിഷനുകളാണുള്ളത്- പാലക്കാടും തിരുവനന്തപുരവും. പാലക്കാട് ഡിവിഷനും തിരുവനന്തപുരം ഡിവിഷനും വെട്ടിമുറിച്ചുകൊണ്ട് തമിഴ്നാട്ടിലെ റെയിവേ ഡിവിഷന് അനുകൂലമായ നിലപാട് സ്വീകരിക്കാൻ റെയിൽവേ മന്ത്രാലയം നടപടികൾ സ്വീകരിച്ചതായാണ് മനസ്സിലാക്കുന്നത്. കേരളം ദീർഘകാലമായി ആവശ്യപ്പെടുന്നത് പാലക്കാട് തിരുവനന്തപുരം ഡിവിഷനുകളെ ചേർത്തുകൊണ്ട് എറണാകുളം ആസ്ഥാനമായി ഒരു റെയിൽവേ സോൺ രൂപീകരിക്കണമെന്നാണ്. എന്നാൽ ഇക്കാര്യത്തോട് തികച്ചും ഒരു ചിറ്റമ്മ സമീപനമാണ് റെയിൽവേ സ്വീകരിക്കുന്നത്. തമിഴ്നാട്ടിലെ ചില ഭരണകർത്താക്കളുടെ ആവശ്യം മുൻനിർത്തിക്കൊണ്ട്

കേരളത്തിലെ റെയിൽവേ വികസനത്തിന് വലിയ തടസ്സമുണ്ടാക്കുകയാണ്. മാത്രമല്ല, കേരളം ദീർഘകാലമായി ഉന്നയിക്കുന്ന നിരവധി പദ്ധതികളുണ്ട് അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ശബരി റെയിൽപ്പാത ........(ബഹളം)........ ശബരിപാത അനേകകാലമായി കേരളം മുന്നോട്ടുവയ്ക്കുന്ന ഒന്നാണ്. ശബരിപാതയിലേക്ക് എത്തിച്ചേരുന്നതിനുവേണ്ടി അങ്കമാലിയിൽനിന്നും ആരംഭിക്കുന്ന റെയിൽവേ ലൈനിനുവേണ്ടി 219.90 കോടി രൂപയാണ് നീക്കിവയ്ക്കേണ്ടത്. അക്കാര്യത്തിൽ കേന്ദ്ര റെയിൽവേ വകുപ്പ് തികച്ചും ചിറ്റമ്മ നയം സ്വീകരിച്ച് ആവശ്യത്തിനുള്ള പണം നീക്കിവയ്ക്കുന്നില്ലെന്നുമാത്രമല്ല പദ്ധതിയെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയുമാണ്. അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് തിരുനാവായ-കുറ്റിപ്പുറം പാത. ഈ പാതയുടെ പൂർത്തീകരണം ആ നിലയിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. അതുപോലെ കേരളത്തിലെ റെയിൽവേയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന നടപടികൾ പിൻവലിച്ചുകൊണ്ട് കേരളത്തിന്റെ റെയിൽവേ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. ........(ബഹളം)........

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി മേശപ്പുറത്തുവച്ചാൽ മതിയാകും.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

മി. സ്പീക്കർ: സഭാ നടപടികൾ  താത്ക്കാലികമായി നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭാനടപടികൾ 09.42-ന് താത്ക്കാലികമായി നിർത്തിവച്ചു.)

+ അനുബന്ധമായി ചേർക്കുന്നു.